PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

FOURTH SESSION—1951

Monday, *the 24th September 1951*

The Assembly met in the Legislative Chamber, Trivandrum, at Eleven of the Clock on Monday, the 24th September 1951, with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the day.)

Oral Answers

ചെയിസിസ്സുകൾ

*ഫനൂർ (ഫ) ശ്രീ. പി. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ശ്രീ. ഇട്ടിച്ചെറിയായുടെ വർക്ക് ഷാപ്പിൽ ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെൻറിൻെറ ആവശ്യത്തിനു വരുത്തിയിരുന്ന ഏതാനും ചെയിസിസ്സുകൾ കഴിഞ്ഞ 2 മാസത്തിനുള്ളിൽ കിടപ്പുണ്ടായിരുന്നോ;

(ബി) ഉണ്ടായിരുന്നുവെങ്കിൽ അവ എപ്പോൾ വരുത്തിയതെന്നും എപ്പോൾ വർക്ക്ഷാപ്പിൽ ഏൽപ്പിച്ചതാണെന്നും പറയാൻ ദയവുണ്ടാകുമോ;

(സി) ഈ ചെയിസിസ്സുകൾ എത്രകാലം വർക്ക്ഷാപ്പിൽ ജോലി ഇടങ്ങാതെ കിടന്നിട്ടുണ്ട്?

മുഖ്യ മന്ത്രി (ശ്രീ. സി. കേശവൻ) :

(എ) ഡിപ്പാർട്ടുമെൻറ വകയായ ചെയിസിസുകളൊന്നും ശ്രീ. ഇട്ടിച്ചെറിയായുടെ വർക്ക്ഷാപ്പിൽ കിടപ്പുണ്ടായിരുന്നില്ല. ശ്രീ. ഇട്ടിച്ചെറിയായുടെ വർക്ക്ഷാപ്പെന്നു ബഹു. മെമ്പർ ഉദ്ദേശിക്കുന്നതു് ഇവിടത്തെ ഗവൺമെൻറവക വർക്ക്ഷാപ്പാണെങ്കിൽ അതു ഗവൺമെൻറ വക കെട്ടിടമാണു്.

(ബി & സി) എ. യുടെ ഉത്തരംകൊണ്ടു ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. പി. നാണു : ഗവൺമെൻറ വക ചെയിസിസുകൾ ഏതെങ്കിലും തക്ക കാലത്തു് ബോഡി പണിയാതെ ഏതെങ്കിലും വർക്ക്ഷാപ്പിൽ കിടന്നിട്ടുണ്ടോ?

ശ്രീ. സി. കേശവൻ : വർക്ക്ഷാപ്പിലല്ലാതെ ഗാരേജായിട്ടു ഉപയോഗിച്ചിരുന്ന ഒരു സ്ഥലത്തു്, ഒഴിഞ്ഞു കിടന്ന സ്ഥലത്തു്, ബോഡി പണിയുന്നവരെ കിടന്നിട്ടുണ്ടു്.

ശ്രീ. പി. നാണു : ബോഡി പണിയുന്നതിനു താമസം നേരിട്ടതായാൽ അതു പണിയുന്നതുവരെ അവിടെ കിടന്നിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കേശവൻ : ബോഡി പണിയുന്നതുവരെ അവിടെ കിടന്നിട്ടുണ്ട്.

ശ്രീ. പി. നാണു : ബോഡി പണിയാതിരുന്ന ചെയിസിസുകൾ ബോഡി പണിയുവാനായി എത്ര കാലം അവിടെ കിടന്നിരുന്നു?

ശ്രീ. സി. കേശവൻ : ബോഡി പണിയുന്നതുവരെ കിടന്നിരുന്നു.

ശ്രീ. പി. നാണു : ബോഡി പണിയുവാനായി ഏൽപിച്ചു ചെയിസിസ്സിൽ ഒടുവിൽ ശേഷിച്ചു ചെയിസ് ബോഡി പണിയുവാനായി എത്ര കാലം അവിടെ കിടന്നിരുന്നു?

ശ്രീ. സി. കേശവൻ : നോട്ടീസു വേണം.

ശ്രീ. പി. നാണു : ബോഡി പണിയുന്നതിനു താമസം നേരിട്ടിട്ടുണ്ടോ?

ശ്രീ. സി. കേശവൻ : ഉണ്ട്.

ശ്രീ. പി. നാണു : ബോഡി പണിയുന്നതിനു താമസം നേരിട്ടതിന്റെ കാരണമെന്താണ്?

ശ്രീ. സി. കേശവൻ : പണി തീരാതിരുന്നതുകൊണ്ടുണ്ടായ താമസമാണ്. സാഹിബ് ബഹദൂർ ടി. എ. മൈതീൻ കുഞ്ഞ് : ഈ മി. ഇട്ടിച്ചെറിയയ്ക്കു ടാൻസ്പോർട്ട് ഡിപ്പാർട്ടുമെണ്ടിൽ വല്ല കൺടാക്റ്റും ഉണ്ടോ?

ശ്രീ. സി. കേശവൻ : ഏത് ഇട്ടിച്ചെറിയയ്ക്കാണ്?

സാഹിബ് ബഹദൂർ ടി. എ. മൈതീൻ കുഞ്ഞ് : ഈ ഉത്തരത്തിൽ പറഞ്ഞിരിക്കുന്ന ഇട്ടിച്ചെറിയയ്ക്ക്?

ശ്രീ. സി. കേശവൻ : ഈ ഇട്ടിച്ചെറിയ ആരാണെന്നു അറിഞ്ഞുകൂടാ.

ശ്രീ. എ. കെ. പാച്ചുപിള്ള : ഇപ്പോൾ എത്ര എണ്ണം ബോഡി പണിയാതെ കിടപ്പുണ്ട്?

ശ്രീ. സി. കേശവൻ : ഒന്നും കിടപ്പില്ല.

ശ്രീ. കെ. രാമചന്ദ്രൻ : ബോഡി പണിയാതെ കിടന്നിരുന്നവ ശ്രീ. ഇട്ടിച്ചെറിയയ്ക്ക് വാടകയ്ക്ക് കൊടുത്തിരുന്നതായി അറിയാമോ?

ശ്രീ. സി. കേശവൻ : ഇട്ടിച്ചെറിയ എന്ന ഒരാളെ എല്പിച്ചിട്ടില്ല.

ശ്രീ. കളത്തിൽ വേലായുധൻ നായർ : ഏതെങ്കിലും ഒരു ഇട്ടിച്ചെറിയായുടെ ഉപദേശം ഈ ചെയിസിസുകൾക്ക് ബോഡി പണിയുന്നകാര്യത്തിൽ ഗവൺമെൻറ് സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. സി. കേശവൻ : ഒരു ഇട്ടിച്ചെറിയ ബോഡി പണിയുന്നതിന് സഹായകമായ ഉപദേശം കൊടുത്തിട്ടുണ്ട്.

ശ്രീ. കളത്തിൽ വേലായുധൻ നായർ : അദ്ദേഹത്തിന്റെ ചുമതലയിൽ ഏതെങ്കിലും വർക്ക് ഷാപ്പിൽ ഈ ചെയിസിസുകളിൽ ഏതെങ്കിലും കിടന്നിരുന്നുവോ?

ശ്രീ. സി. കേശവൻ : ഇല്ല.

വ്യവസായങ്ങൾ

*ഫണ്ടർ (നം) ശ്രീ. പി. കെ. കൃഷ്ണൻ ശാസ്ത്രി : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായവകുപ്പ് മന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവിതാംകൂർ–കൊച്ചി ഗവൺമെൻറിൽ നിന്നും നേരിട്ട് നടത്തുന്ന വ്യവസായങ്ങൾ ഏതെല്ലാം?

LIBRARY ARCHIVES Kerala Legislative Assembly